# പതിനാലാം കേരള നിയമസഭ
## (പതിനാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1441** | **04.02.2019-ൽ മറുപടിയ്ക്ക്**

**<u>ഉൾനാടൻ മത്സ്യകൃഷിക്ക് സാമ്പത്തിക സഹായം</u>**

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) 2017-18 വർഷത്തിൽ, ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യം വളർത്തുന്നതിന് സാമ്പത്തിക സഹായം ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ വാമനപുരം നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്;<br><br>ബി) ഇതിൽ എത്ര അപേക്ഷകർക്ക് സാമ്പത്തികസഹായം നൽകിയെന്നും എത്ര തുക വീതം നൽകിയെന്നും വിശദമാക്കാമോ? | എ) യും ബി) യും 2017-18 വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യം വളർത്തുന്നതിന് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം (2017-19) ഘടക പദ്ധതിയായ മാതൃകാ കുളങ്ങളിലെ കാർപ്പ് മത്സ്യകൃഷി / ചെറിയ കുളങ്ങളിലും വലിയ കുളങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നൽകുന്ന പദ്ധതി, ബ്ലൂ റവലൂഷൻ പദ്ധതി എന്നിവയ്ക്കായി അപേക്ഷ ക്ഷണിച്ചതിൽ വാമനപുരം നിയോജക മണ്ഡലത്തിൽ നിന്നും ആകെ 124 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 116 കർഷകർക്ക് ഇൻപുട്ട് സബ്സിഡി ഇനത്തിൽ മത്സ്യവിത്ത് വിതരണം ചെയ്യുകയുണ്ടായി. 5 കർഷകരെ മാതൃകാ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി (മിനിമം ഏരിയ 50 സെന്റ്) ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഒരാൾക്ക് 20,000/- രൂപ നിരക്കിൽ 5 പേർക്ക് ആകെ 1 ലക്ഷം രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ബ്ലൂറവല്യൂഷൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന ആർ. എ. എസ് ഘടക പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്ത 3 ഗുണഭോക്താക്കൾക്ക് ആകെ 4,76,653/- രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ